പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. * 442

15.11.2019-ൽ

മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, സി.കെ. ഹരീന്ദ്രൻ<br>,, വി.കെ.പ്രശാന്ത്<br>ശ്രീമതി യു. പ്രതിഭ | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗത്തിലുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള 2017-18, 2018-19 വർഷങ്ങളിലെ പദ്ധതി ചെലവിൽ ഗണ്യമായ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. ഇക്കാലയളവിൽ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുന്നേ കാലേക്കൂട്ടി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും സാധിച്ചു. ഇതുവഴി പദ്ധതി നിർവഹണത്തിന് 12 മാസം സമയം ലഭിക്കുകയും, പ്രോജക്ടുകളുടെ ഗുണനിലവാരത്തിലും ചെലവിനത്തിലും കാര്യക്ഷമത കൈവരിക്കാനും കഴിഞ്ഞു. ഇതിന്റെ ഫലമായി 2017-18 ൽ തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 85.44 എന്ന റെക്കോഡ് നേട്ടം കൈവരിക്കുകയുണ്ടായി. 2018-19 ൽ 84.66 ശതമാനമാണ് ചെലവ്. ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ക്യൂബില്ലുകളുടെ തുക കൂടി ചേർത്താൽ 93 ശതമാനമാണ് പദ്ധതി ചെലവ്. 267 തദ്ദേശഭരണസ്ഥാപനങ്ങൾ 100 ശതമാനം പദ്ധതി വിഹിതം ചെലവഴിച്ചു. 2019-20 വർഷത്തിൽ 10.11.2019 വരെയുള്ള പദ്ധതി ചെലവ് 30.71 ശതമാനവും ട്രഷറി പെൻഡിംഗ് ഉൾപ്പടെയുള്ള ചെലവ് 33.49 ശതമാനവുമാണ്. |

ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പ്രാദേശിക വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനുമായി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 31/08/2019 തീയതിയിലെ സ.ഉ.(കൈ) നം. 112/2019-തസ്വഭവ ഉത്തരവ് പ്രകാരം 100 രൂപയിൽ കുറവുള്ള സിനിമ ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 01/09/2019 തീയതി മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു.
നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുകയും 43 നഗരസഭകളിൽ വസ്തു നികുതി പിരിവ് ഓൺലൈൻ ആക്കിയിട്ടുള്ളതുമാണ്. കോർപ്പറേഷനുകളിൽ പ്രൊഫഷണൽ ടാക്സ് പിരിവ് ഓൺലൈൻ ആക്കിയിട്ടുള്ളതാണ്. മറ്റു നഗരസഭകളിൽ ഡിസംബർ മാസത്തോടുകൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വസ്തു നികുതി 100% പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സി) അഞ്ചാം ധനകാര്യകമ്മീഷന്റെ ശിപാർശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടനികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പൽ ആക്റ്റിൽ ഭേദഗതികൾ നടത്തേണ്ടതായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

സി) കെട്ടിട നികുതി വർദ്ധിപ്പിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ്/ മുനിസിപ്പാലിറ്റി ആക്ടുകളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. വർഷം തോറും കെട്ടിട നികുതിയിൽ 2% വർദ്ധനവ് വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

ഡി) ഓരോ തദ്ദേശ സ്ഥാപനത്തിന്റേയും പ്രാദേശികമായ സാധ്യതകൾക്കനുസരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും പ്രദേശവാസികൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

ഡി) സ.ഉ(കൈ)നം.11/2018/തസ്വഭവ തീയതി 29/01/2018 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ